"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി പങ്കജാക്ഷി റ്റി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 1439/2023 നമ്പർ ഹർജിയിന്മേലുള്ള 24.08.2023-ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.318/2025/LSGD തീയതി, തിരുവനന്തപുരം, 02-02-2025

---

പരാമർശം:-
1. സ.ഉ(പി) നം.501/2005/ധന, തീയതി 25.11.2005
2. സഉ(സാധാ) നം 61/2010/ധന, തീയതി 09.02.2010
3. ശ്രീമതി പങ്കജാക്ഷി.റ്റി.പി-യുടെ 08.05.2023 ലെ നിവേദനം.
4. ശ്രീമതി. പങ്കജാക്ഷി റ്റി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 1439/2023 നമ്പർ ഹർജിയിന്മേലുള്ള 24.08.2023 ലെ ഉത്തരവ്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.05.2024, 08.11.2024 എന്നീ തീയതികളിലെ DEF5-67693/2023/PAN നമ്പർ കത്തുകൾ

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ സേവനം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി പങ്കജാക്ഷി.റ്റി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA(EKM) 1439/2023 നമ്പർ കേസിന്മേലുള്ള 24.08.2023-ലെ ഉത്തരവിൽ അനക്ഷർഎ5 പ്രകാരമുള്ള ടിയാളുടെ നിവേദനം നിയമാനുസൃതം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. 10.08.1998 മുതൽ 30.6.2006 വരെ പരുതൂർ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും തുടർന്ന് 01.07.2006 മുതൽ 07.02.2011 വരെയുള്ള അവധി കാലയളവിന് ശേഷം സേവനത്തിൽ തിരികെ പ്രവേശിച്ച് നിലവിലും പാർട്ട് ടൈം തസ്തികയിൽ തുടർന്നു വരുന്നുവെന്നും, 20 വർഷക്കാലത്തെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ സേവനം കണക്കിലെടുത്ത് 10.08.1998 തീയതി പ്രാബല്യത്തിൽ സേവനം ക്രമീകരിച്ച് മുൻകാല പ്രാബല്യത്തിൽ സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കണമെന്നതാണ് പരാമർശം (3) പ്രകാരമുള്ള അനക്ഷർ എ5 നിവേദനത്തിലെ ഹർജി കക്ഷിയുടെ അപേക്ഷ.

3. പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്ന

പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്വീപ്പർ തസ്തികയിലെ നിയമനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതിനാണ് ശ്രീമതി പങ്കജാക്ഷി OA (EKM) 1439/2023 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നതെന്നും പരുതൂർ ഗ്രാമ പഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 622.16 sqm ആണെന്ന് പട്ടാമ്പി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, പരുതൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 05.09.2022 തീയതിയിലെ 17(1) നമ്പർ തീരുമാനപ്രകാരം 2011 ഫെബ്രുവരി മാസം മുതൽ തുടർച്ചയായി കാഷ്വൽ സ്വീപ്പറായി സേവനം അനുഷ്ഠിച്ചു വരുന്ന ടിയാളെ സ്ഥിരപ്പെടുത്തുന്നതിന് പരുതൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതായും പരാമർശം (5) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജി കക്ഷി ലഭ്യമാക്കിയ രേഖകൾ പ്രകാരം ടിയാൾ പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമ പഞ്ചായത്തിലെ കാഷ്വൽ സ്വീപ്പർ ആയി 10.08.1998 മുതൽ 30.11.2006 വരെ ജോലി നോക്കുകയും തുടർന്ന്, അഞ്ചു വർഷക്കാലത്തോളം അവധിയിലുമായിരുന്നു. ഇക്കാലയളവിൽ, 2006 നവംബർ മാസം മുതൽ 2011 ഫെബ്രുവരി 6 വരെ, ശ്രീ.അനീഷ് എൽസൺ എന്ന വ്യക്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിതനായി ജോലി നോക്കിയിരുന്നു. ടിയാൾക്ക് ശേഷം ശ്രീമതി പങ്കജാക്ഷി 07.02.2011 മുതൽ വീണ്ടും ജോലിയിൽ പ്രവേശിക്കുകയായിരുന്നു.

5. പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം 25.11.2005 തീയതിയിൽ സേവനത്തിൽ ഉണ്ടായിരുന്നതും പിന്നീട് തുടർച്ചയായി കാഷ്വൽ/താല്കാലിക സ്വീപ്പർ ആയി ജോലി നോക്കി വരുന്നവരുമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി. പങ്കജാക്ഷി.റ്റി.പി പരുതൂർ ഗ്രാമ പഞ്ചായത്തിൽ കാഷ്വൽ സ്വീപ്പറായി 30.11.2006 ന് ശേഷം തുടർച്ചയായി സേവനത്തിൽ ഇല്ലാതിരുന്നതിനാൽ ടിയാൾക്ക് പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണം അനുവദിക്കുവാൻ കഴിയില്ല എന്നതിനാൽ OA(EKM) 1439/2023 നമ്പർ കേസിലെ ഹർജി കക്ഷിയുടെ അനക്ഷർ എ5 ആയുള്ള പരാമർശം (3) നിവേദനത്തിലെ ആവശ്യം നിരസിച്ച് കൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. പങ്കജാക്ഷി റ്റി. പി, പാർട്ട് ടൈം സ്വീപ്പർ, പരുതൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പരുതൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ധന വകുപ്പ്(23.12.2024ലെ Exp C2/39/24/ധന നമ്പർ കത്ത് മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഫയൽ നം. 189/ഇപിഎ2/2023/ തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 03-02-2025 10:41:27